

ഡോ. എൻ ഷംനാദ്

# മലയാള, അറബി സാഹിത്യ വിവർത്തനം

സാംസ്കാരിക വിനിമയത്തിന്റെ പുത്തൻ വാതായാനങ്ങൾ ലോകത്തിന് തുറന്നു കൊടുക്കുന്ന മേഖലയാണ് വിവർത്തനം. വിവിധ സമൂഹങ്ങളിലെ സാഹിത്യസൃഷ്ടികളുടെ വിവർത്തനത്തിലൂടെ ആ സമൂഹങ്ങളെ അടുത്തറിയുവാനുള്ള അവസരമാണ് ലക്ഷ്യ ഭാഷയിലെ വായനക്കാർക്ക് ലഭിക്കുക. എന്നാൽ മഹത്തായ സാഹിത്യ സംസ്കൃതികളുള്ള അറബി, മലയാള ഭാഷകളിലെ വായനക്കാർക്ക് അപര ഭാഷയിലെ സൃഷ്ടികളെ പരിചയപ്പെടുത്താനുള്ള ശ്രമങ്ങൾക്ക് ഏതാണ്ട് അര നൂറ്റാണ്ടിന്റെ ചരിത്രം മാത്രമാണുള്ളത്. ഈ വിവർത്തന ചരിത്രത്തിലൂടെ കണ്ണോടിച്ചാൽ അറബി, മലയാള സാഹിത്യ വിനിമയത്തിന്റെ ഒരേടായിരിക്കും മുന്നിൽ തെളിയുക.

1. മലയാള സാഹിത്യകൃതികളുടെ നേരിട്ടുള്ള അറബി വിവർത്തനം

മലയാളകൃതികൾ അറബി ഭാഷയിലേക്ക് നേരിട്ട് വിവർത്തനം ചെയ്യേണ്ടത് മലയാള ഭാഷ അറിയുന്നവരാണ്. സ്വാഭാവികമായും മലയാളികൾ ചെയ്യേണ്ട പണിയാണിത്. എന്നാൽ നൂറ്റാണ്ടുകളുടെ പഴക്കമുള്ള മലയാള സാഹിത്യത്തെ അറബ് ലോകത്തിന് പരിചയപ്പെടുത്തണമെന്ന ആവശ്യമോ, അല്ലെങ്കിൽ സന്നദ്ധതയോ 1965 വരെ മലയാളികൾക്കാർക്കും തോന്നിയില്ല എന്നതാണ് വാസ്തവം. ഇതിന് പല തലങ്ങളുണ്ടെന്നത് കാണാതെ പോകരുത്. ഒന്നാമതായി മതപശ്ചാത്തലമുള്ള മലയാളികളായ അറബി ഭാഷാ പണ്ഡിതർക്ക് മലയാള ഭാഷയിലെ അത്ര ശ്ലീലമല്ലാത്ത സാഹിത്യ കൃതികൾ വിശുദ്ധ

ഭാഷയായ അറബിയിലേക്ക് വിവർത്തനം ചെയ്യണമെന്ന് തോന്നാനിടയില്ല. ഇനി ആരെങ്കിലും തുനിഞ്ഞാൽ തന്നെ അറബിസമൂഹം എങ്ങനെ സ്വീകരിക്കുമെന്ന ആശങ്കയും അവരെ പിടികൂടിയിട്ടുണ്ടാകും. മൂന്നാമതായി ഇങ്ങനെയൊരു കൃതി വിവർത്തനം ചെയ്യപ്പെട്ടാൽ തന്നെ ആര് പ്രസിദ്ധീകരിക്കുമെന്നൊരു ചോദ്യവുമുണ്ട്. ഈ പശ്ചാത്തലത്തിൽ നിന്ന് കൊണ്ടു വേണം മലയാള കൃതികളുടെ നേരിട്ടുള്ള അറബി വിവർത്തനങ്ങളുടെ ചരിത്രത്തെ നോക്കിക്കാണാൻ.

1965ൽ വിഖ്യാത മലയാളി അറബി ഭാഷ പണ്ഡിതനായ ഡോ. മുഹിയുദ്ധീൻ ആലുവായിയായിരുന്നു ഈ രംഗത്തേത്ത് കടന്നുവന്ന ആദ്യ വിവർത്തകൻ. മലയാള സാഹിത്യത്തിലെ എക്കാലത്തേയും മികച്ച നോവലുകളിലൊന്നായ തകഴി ശിവശങ്കരപ്പിള്ളയുടെ ചെമ്മീൻ അതേ പേരിൽ മുഹിയുദ്ധീൻ ആലുവായി അറബിയിലേക്ക് തന്മയത്വത്തോടെ വിവർത്തനം ചെയ്തു. നേരത്തെ പരാമർശിച്ച പ്രതിസന്ധികളെ ഒരു പരിധിവരെ മറികടക്കാനായതാണ് ഇങ്ങനെയൊരു സൃഷ്ടിയുടെ പിറവിക്കാധാരം. ഇന്ത്യാ ഗവൺമെന്റിന്റെ മാനവശേഷി വികസന വകുപ്പിന് കീഴിലുള്ള ഇന്ത്യൻ കൗൺസിൽ ഫോർ കൾച്ചറൽ റിലേഷൻസ് ആയിരുന്നു പ്രസാധകർ. ഉർദു, ഹിന്ദി തുടങ്ങിയ ഉത്തരേന്ത്യൻ ഭാഷാകൃതികൾ പലതും ഇവർ അറബിയിൽ വിവർത്തനം ചെയ്ത് പ്രസിദ്ധീകരിച്ചിട്ടുണ്ട്. പൗരാണിക സംസ്കൃത കൃതികൾ വേറെയുമുണ്ട്. ചെമ്മീൻ അറബി വിവർത്തനത്തിന്റെ രണ്ടാം പതിപ്പ് കേരളത്തിലെ വിചാരം ബുക്സ് പിൽക്കാലത്ത് പുറത്തിറക്കുകയുണ്ടായി.

> **അറബിയിലേക്ക് നേരിട്ട് വിവർത്തനം ചെയ്യപ്പെട്ട ശ്രദ്ധേയമായ കൃതിയാണ് ബെൻയാമീന്റെ എക്കാലത്തെയും ബെസ്റ്റ് സെല്ലറായ ആടുജീവിതം. ചരിത്രം സൃഷ്ടിച്ച ഈ കൃതിയുടെ വിവർത്തനം പ്രസിദ്ധീകരിക്കാൻ കുവൈത്തിലെ പ്രമുഖ പ്രസാധകരിലൊരാളായ ആഫാഖ് ബുക്സ് രംഗത്തേക്ക് വന്നതാണ് മറ്റൊരു ശ്രദ്ധേയമായ കാര്യം. ഇത് അത്ര നിസ്സാരമായ കാര്യമല്ലെന്നത് മറ്റ് വിവർത്തനങ്ങളുടെ ചരിത്രം നോക്കിയാൽ മനസ്സിലാകും. 2014ൽ പ്രസിദ്ധീകരിക്കപ്പെട്ട അയ്യാം അൽ മാഇസ് എന്ന തലക്കെട്ടിലുള്ള ഈ വിവർത്തനം നിർവ്വഹിച്ചത് പ്രവാസി മലായാളിയായ സുഹൈൽ അബ്ദുൽ ഹകീം വാഫിയായിരുന്നു.**

മഹാകവി കുമാരനാശാന്റെ വീണപൂവ് എന്ന കവിതയായിരുന്നു പിന്നീട് അറബിയിൽ വിവർത്തനം ചെയ്യപ്പെട്ട മലയാളകൃതി. അൽ സഹ്റ അൽ സാകിത്യ എന്ന പേരിൽ നമ്മ ണ്ട അബൂബക്കർ മൗലവി വിവർത്തനം ചെയ്ത ഈ കൃതി കോഴിക്കോട് അറഫ പബ്ലിക്കേഷൻസ് പ്രസിദ്ധീകരിച്ചത് 1989ലായിരുന്നു. മാധവിക്കുട്ടി എന്ന കമലാസുരയ്യ ഇസ്ലാം മതം സ്വീകരിച്ചതിനെത്തുടർന്ന് അവരുടെ യാ അല്ലാഹ് എന്ന കാവ്യകൃതി മൊയ്തു മൗലവി അറബിയിലേക്ക് അതേ പേരിൽ വിവർത്തനം ചെയ്തു. 2003ൽ കോഴിക്കോട് ഇസ്ലാമിക് പബ്ലിഷിംഗ് ഹൗസായിരുന്നു പ്രസാധനം നിർവ്വഹിച്ചത്.

അറബിയിലേക്ക് നേരിട്ട് വിവർത്തനം ചെയ്യപ്പെട്ട ശ്രദ്ധേയമായ കൃതിയാണ് ബെൻയാമീന്റെ എക്കാലത്തെയും ബെസ്റ്റ് സെല്ലറായ ആടുജീവിതം. ചരിത്രം സൃഷ്ടിച്ച ഈ കൃതിയുടെ വിവർത്തനം പ്രസിദ്ധീകരിക്കാൻ കുവൈത്തിലെ പ്രമുഖ പ്രസാധകരിലൊരാളായ ആഫാഖ് ബുക്സ് രംഗത്തേക്ക് വന്നതാണ് മറ്റൊരു ശ്രദ്ധേയമായ കാര്യം. ഇത് അത്ര നിസ്സാരമായ കാര്യമല്ലെന്നത് മറ്റ് വിവർത്തനങ്ങളുടെ ചരിത്രം നോക്കിയാൽ മനസ്സിലാകും. 2014ൽ പ്രസിദ്ധീകരിക്കപ്പെട്ട അയ്യാം അൽ മാഇസ് എന്ന തലക്കെട്ടിലുള്ള ഈ വിവർത്തനം നിർവ്വഹിച്ചത് പ്രവാസി മലയാളിയായ സുഹൈൽ അബ്ദുൽ ഹകീം വാഫിയായിരുന്നു. ഷാർജ പുസ്തകോത്സവത്തിലും, ഓൺലൈൻ വിൽപനയിലുമൊക്കെ നല്ല സ്വീകരണം ലഭിച്ച ഈ പുസ്തകം ഇടയ്ക്ക് നിരോധിക്കപ്പെട്ടെന്ന വാർത്തയും ശ്രദ്ധിക്കപ്പെട്ടു. എന്നാൽ ആടുജീവിതം എന്ന നോവൽ സമാ

ന്തരമായി വേറെ രണ്ടുപേർ കൂടി വിവർത്തനം ചെയ്തിരുന്നു എന്ന വാർത്ത വേദനയുളവാക്കുന്നതാണ്. മഹാരാജാസ് കോളേജിലെ അറബി വിഭാഗം അദ്ധ്യാപകൻ ഡോ. കെ. ജാബിർ, ജെ.എൻ.യു.വിലെ അറബി വിഭാഗം ഗവേഷക വിദ്യാർത്ഥി അബ്ദുൽ കരീം ഹുദവി തുടങ്ങിയവർക്കും തന്റെ നോവൽ വിവർത്തനം ചെയ്യാനുള്ള അനുവാദം നോവലിസ്റ്റ് നൽകി എന്നാണറിയുന്നത്. എന്നാൽ അയ്യാം അൽ മാഇസ് പുറത്തിറങ്ങുന്ന പരസ്യം വന്നപ്പോഴായിരുന്നു മറ്റുള്ളവർ ആ വാർത്ത അറിയുന്നതു തന്നെ.

പുസ്തക രൂപത്തിലല്ലാതെ കുറേ കഥകൾ അറബി പ്രസിദ്ധീകരണങ്ങളിൽ വിവർത്തനം ചെയ്ത് വെളിച്ചം കണ്ടിട്ടുണ്ട്. ഇതിൽ ശ്രദ്ധേയമായ പേര് വി.എ. കബീറിന്റേതാണ്. പി.കെ. പാറക്കടവിന്റെ കുറച്ച് കഥകൾ, വൈക്കം മുഹമ്മദ് ബഷീറിന്റെ വെള്ളം, കമലാ സുരയ്യയുടെ ഉണ്ണി തുടങ്ങിയ കഥകൾ വി.എ. കബീർ അറബി ആനുകാലികങ്ങളിൽ വിവർത്തനം ചെയ്ത് പ്രസിദ്ധീകരിച്ചിട്ടുണ്ട്. എൻ. മോഹനന്റെ യാസീൻ നിസാർ അഹമ്മദ് എന്ന കഥ നേരത്തേ പരാമർശിച്ച ഡോ. കെ. ജാബിർ സുഡാനിലെ അൽ ഖുർത്തൂം അൽ ജദീദ മാസികയിൽ വിവർത്തനം ചെയ്ത് പ്രസിദ്ധീകരിച്ചിട്ടുണ്ട് എന്നതും എടുത്തു പറയേണ്ടിയിരിക്കുന്നു.

2. മലയാള സാഹിത്യ കൃതികളുടെ ഇംഗ്ലീഷിൽ നിന്നുള്ള അറബി വിവർത്തനം

അറബ് പ്രസാധക രംഗത്ത് സ്വാധീനമുള്ള അറബി എഴുത്തുകാർ ഇംഗ്ലീഷിലേക്ക് വിവർത്തനം ചെയ്യപ്പെട്ട മലയാള മൂലകൃതികൾ അറബിയിലേക്ക് വിവർത്തനം ചെയ്ത മേഖലയാണ് ഈ ഭാഗത്ത് പരാമർശിക്കപ്പെടുന്നത്. ഈ രംഗത്തെ ശ്രദ്ധേയമായ പേര് യു.എ.ഇ.യിൽ താമസിക്കുന്ന യെമൻ പേരുകളുള്ള അറബി കവി ഡോ. ഷിഹാബ് ഗാനിമിന്റേതാണ്. ഇന്ത്യൻ കവികളുമായി നല്ല ബന്ധമുള്ള ഗാനിം പ്രശസ്തമായ ടാഗോർ പുരസ്കാരത്തിനർഹനായ കവിയാണ്. 2005ൽ പുറത്തിറങ്ങിയ ഖസാഇദ് മിൻ അൽ ഹിന്ദ് എന്ന പേരിൽ വിവർത്തനം ചെയ്തതിൽ മലയാളവുമുണ്ടായിരുന്നു. 2009ൽ സച്ചിദാനന്റെ കവിതകൾ കൈഫ ഇൻതഹാ മയക്കോവ്സ്കി എന്ന പേരിൽ ഷിഹാബ് ഗാനി തർജമ ചെയ്തത് പ്രസിദ്ധീകരിച്ചത് അബുദാബിയിലെ കലിമ പബ്ലിഷേഴ്സ് ആയിരുന്നു. 2011ൽ കമലാ സുരയ്യയുടെ യാ അല്ലാഹ് അദ്ദേഹം ഇംഗ്ലീഷിൽ നിന്നും വിവർത്തനം ചെയ്തിരുന്നു. റനീൻ അൽ സുരയ്യ എന്ന ഈ കൃതി കലിമ തന്നെയാണ് പ്രസിദ്ധീകരിച്ചത്. 2014ൽ പുറത്തിറങ്ങിയ മത്വർ അൽ ലൈൽ വ ഖസാഇദ് മിൻ അൽ ഷർഖ് വ അൽ ഗർബ് എന്ന വിവർത്തന സമാഹാരത്തിൽ സുഗതകുമാരിയുടെ രാത്രിമഴയും ചെമ്മനം ചാക്കോ, ജി. ശങ്കരപ്പിള്ള തുടങ്ങിയവരുടെ കവിതകളും ഉൾപ്പെട്ടിട്ടിണ്ട്.

2014ലെ കേരളാ സാഹിത്യ അക്കാദമിയുടെ മലയാളം അറബി സാഹിത്യ സമ്മേളനത്തിൽ ആദരിക്കപ്പെട്ട ഈജിപ്ത്യൻ എഴുത്തുകാരൻ മുഹമ്മദ ഈദ് ഇബ്റാഹീം പെരുമ്പടവും ശ്രീധരന്റെ ഒരു സങ്കീർത്തനം പോലെ എന്ന

















ശ്രദ്ധേയമായ നോവൽ അറബിയിലേക്ക് വിവർത്തനം ചെയ്തിട്ടുണ്ട്. ഒരു ലക്ഷത്തിലധികം കോപ്പികൾ വിറ്റുപോയ നോവലിന്റെ അറബി പരിഭാഷ മിസ്ല തർനീമ എന്ന പേരിൽ 2015ൽ പ്രസിദ്ധീകരിച്ചത് ഈജിപ്തിലെ പ്രമുഖ പബ്ലിഷറായ ദാർ അൽ ഹിലാലാണ്. ഇതേ വർഷം അബൂദാബിയിലെ ഷൈഖ് സായിദ് കൾച്ചറൽ സെന്റർ ബി.എം. സുഹ്റയുടെ നിലാവ്, മൊഴി എന്നീ നോവലുകളുടെ അറബി വിവർത്തനങ്ങൾ പ്രസിദ്ധീകരിച്ചു. സിറിയൻ സ്വദേശിയായ സമർ അൽ ഷീശ്കലി എന്ന എഴുത്തുകാരിയാണ് യഥാക്രമം ദൗഅ് അൽ ഖമർ, അൽ ത്വലാഖ് എന്നീ തലക്കെട്ടുകളിൽ ഈ നോവലുകൾ വിവർത്തനം ചെയ്തത്. ഈ പട്ടികയിലെ അവസാനകൃതി 2016ൽ യു.എ.ഇയിലെ കലിമ പ്രസിദ്ധീകരിച്ച എം.ടി. വാസുദേവൻ നായരുടെ കാലം എന്ന നോവലിന്റെ അറബി പരിഭാഷയാണ്. ഈജിപ്തിലെ സഹർ തൗഫീഖാണ് മൂലകൃതിയുടെ അതേ പേരിൽ നോവൽ വിവർത്തനം ചെയ്തത്. എൺപതുകളിൽ ഇന്ത്യൻ സാഹിത്യ അക്കാദമിയുടെ ജേണലിൽ ഖലീൽ ജർജിസ് അൽ മിഹ്റാസ് അൽ നാതിഖ് എന്ന പേരിൽ പൊൻകുന്നവർക്കിയുടെ ശബ്ദിക്കുന്ന കലപ്പ എന്ന ചെറുകഥ വിവർത്തനം ചെയ്ത് പ്രസിദ്ധീകരിച്ചതും പരാമർശമർഹിക്കുന്നു.

എന്നാൽ മഹത്തായ മലയാള സാഹിത്യ കൃതികളുടെ അറബി വിവർത്തനം വളരെ കുറച്ച് മാത്രമേ നടന്നിട്ടുള്ളൂ എന്ന് ഈ വിവരങ്ങൾ പരിശോധിച്ചാൽ മനസിലാകും. അതിൽ തന്നെ ശ്രദ്ധേയമായ പകുതിയിലധികം വിവർത്തനങ്ങൾ അറബ് പൗരന്മാരുടേതാണെന്നുകൂടി ഓർക്കണം.

3. അറബി സാഹിത്യ കൃതികളുടെ നേരിട്ടുള്ള മലയാള വിവർത്തനം

അറബി, മലയാള സാഹിത്യ വിവർത്തന ചരിത്രത്തിലെ മഹത്തായൊരു അധ്യായമാണ് നേരിട്ടുള്ള മലയാള വിവർത്തന മേഖല. ഏതാണ്ട് അമ്പതിലധികം സാഹിത്യ കൃതികൾ അറബിയിൽ നിന്നും നേരിട്ട് മലയാള ഭാഷയിലേക്ക് വിവർത്തനം ചെയ്യപ്പെട്ടിട്ടുണ്ട്. നോവൽ, കഥകൾ, കവിത, ചരിത്രാഖ്യായിക, നാടകം, ബാലസാഹിത്യം തുടങ്ങിയ മേഖലകളിലായി വിവർത്തന പ്രക്രിയ നിർവ്വഹിച്ചവരിൽ അധികം പേരും മത പശ്ചാത്തലമുള്ള കൃതികൾ തിരഞ്ഞെടുത്തിരുന്നതായി കാണാം.

ഈ വിവർത്തന പ്രക്രിയയുടെ ചരിത്രം വേണ്ട വണ്ണം രേഖപ്പെടുത്തിയിട്ടില്ലായെന്നത് ഖേദകരമാണ്. പതിറ്റാണ്ടുകൾ പലത് കഴിഞ്ഞതിനാൽ യഥാർത്ഥ വിവർത്തകർക്ക് പോലും തങ്ങളുടെ കൃതികൾ പുറത്തിറങ്ങിയതെന്നാണെന്ന കാര്യം ഓർമയില്ലാത്ത അവസ്ഥയാണിപ്പോൾ. ലെബനീസ് ചരിത്ര നോവലിസ്റ്റ് ജോർജ് സൈദാനിന്റെ ഫതാത് ഗസ്സാൻ എന്ന നോവലാണ് അറബിയിലേക്ക് വിവർത്തനം ചെയ്യപ്പെട്ട ആദ്യ നോവലെന്ന് കരുതപ്പെടുന്നു. എം.കെ. നാലകത്ത്, കെ.എം. താനേരി എന്നിവർ ചേർന്ന് അറബിപ്പെണ്ണ് എന്ന തലക്കെട്ടിൽ തയ്യാറാക്കിയ മലയാള വിവർത്തനം കോഴിക്കോട് പി.കെ. ബ്രദേഴ്സ് പ്രസിദ്ധീകരിച്ചത് 1971ലാണെന്ന്

പറയപ്പെടുന്നു. എം.കെ. നാലകത്തിന്റെ നേതൃത്വത്തിൽ തന്നെ സൈദാനിന്റെ മറ്റൊരു ആഖ്യായികയായ അദ്റാഉ ഖുറൈശ്, ഖുറൈശി കന്യക എന്ന പേരിൽ മലയാളത്തിലേക്ക് വിവർത്തനം ചെയ്യപ്പെട്ടിട്ടുണ്ട്.

എന്നാൽ ഈ വിവർത്തന ചരിത്രത്തിലെ സുവർണ അദ്ധ്യായമാണ് പാതിരാക്കുയിലിന്റെ രാഗം. ഈജിപ്തിലെ ഡോ. ത്വാഹാ ഹുസൈന്റെ ദുആഉ അൽ കർവാൻ എന്ന വിഖ്യാത സാമൂഹിക നോവലിന്റെ മലയാള വിവർത്തനമായ ഈ കൃതി പിറവിയെടുത്തത് പി. മുഹമ്മദ് കുട്ടശ്ശേരിയുടെ തൂലികയിലൂടെയായിരുന്നു. 1979ൽ എൻ.ബി.എസ്. ആയിരുന്നു പ്രസാധനം നിർവ്വഹിച്ചത്. 2002ൽ സമന്വയം ബുക്സ് ഈ പുസ്തകം പുനർപ്രസിദ്ധീകരിച്ചു.

അറബിയിൽ നിന്നും നേരിട്ട് വിവർത്തനം ചെയ്യപ്പെട്ടതിൽ അധികം കൃതികളും ഈജിപ്ത്യൻ എഴുത്തുകാരനായ നജീബ് അൽ കീലാനിയുടേതാണെന്ന് പറയാനം. ഇദ്ദേഹത്തിന്റെ ഏഴിലധികം നോവലുകൾ മലയാളത്തിലേക്ക് വിവർത്തനം ചെയ്യപ്പെട്ടു. ഇവയുടെ ഇസ്‌ലാമിക മാനമായിരിക്കാം വിവർത്തകരെ ആകർഷിച്ചത്. ചിലതൊക്കെ കോഴിക്കോട് സർവ്വകലാശാലയിൽ പാഠപുസ്തകങ്ങളുമായിരുന്നു. അൽ കീലാനിയുടെ ഖാതിൽ ഹംസ (ഹംസത്ത് ഹംസയുടെ ഘാതകൻ), നൂർ അല്ലാഹ് (ദൈവികതയിലെ വെളിച്ചം), അൽ ളില്ല് അൽ അസ്‌വദ് (കാളരാത്രികൾ), അദ്റാഉ ജക്കാർത്ത (ജക്കാർത്തയിലെ കന്യക), ലയാലീ തുർക്കിസ്താൻ (തുർക്കിസ്താനിലെ രാവുകൾ) തുടങ്ങിയ വിവർത്തനങ്ങൾ വളരെയേറെ ശ്രദ്ധിക്കപ്പെട്ടു.

ഈജിപ്തിലെ മുസ്തഫാ ലുത്ഫി അൽ മൻഫലൂതിയുടെ അൽ അബറാത്ത് (കണ്ണീർകണങ്ങൾ, സുഹൈർ ചുങ്കത്തറ), യെമനിലെ അലി അഹ്‌മദ് ബാ കസീറിന്റെ വാ ഇസ്‌ലാമാഹ് (കുളമ്പടികൾ, സി.റ്റി. അബ്ദുൽ റഹീം), ഈജിപ്തിലെ മഹ്മൂദ് തൈമൂറിന്റെ അമീർ ഹംസ (അമീർ ഹംസ, കെ.കെ. മുഹമ്മദ് മദനി), ഈജിപ്തിലെ തൗഫീഖ് അൽ ഹകീമിന്റെ അൽ ശൈത്വാൻ ഫീ ഖതർ (ശൈത്വാൻ അപകടത്തിൽ, ടി.കെ. ഉബൈദ്) എന്നിവ ആദ്യകാല പ്രമുഖ വിവർത്തനങ്ങളാണ്.

കെ.വി.എം. പന്താവൂർ, മൈലാപ്പൂർ ഷൗക്കത്തലി മൗലവി, പുന്നൂർകുളം ബാപ്പു, മമ്മുട്ടി കുറ്റിയാട്, അബൂ ഇസ്ഹാഖ് മൗലവി, കെ.പി.കെ. അഹ്‌മദ് അബ്ദുല്ല, എ.കെ. ഹമീദ്, പി. മുഹമ്മദ് മേൽമുറി, സി. ഹംസ തുടങ്ങിയവരാണ് അറബി കാവ്യശാഖാ വിവർത്തനത്തിലെ സുവർണ നാമങ്ങൾ. ഇതിൽ കെ.വി.എം. പന്താവൂരിന്റെ പേര് എടുത്തുപറയാതെ തീരു. പ്രാചീന അറബി കാവ്യങ്ങളായ മുഅല്ലഖകൾ, പ്രവാചക കവി ഹസ്സാൻ ബിൻ സാബിതിന്റെ കവിതകൾ, ഈജിപ്തിലെ ഇമാം ബൂസിരിയുടെ ബുർദ കാവ്യം, ഉമർ അൽ ഖാഹിരിയുടെ ഖസീദ ഹംസിയ്യ, റസാനാത്ത് തുടങ്ങിയവയൊക്കെ കെ.വി.എം. പന്താവൂർ മലയാളീകരിച്ചിട്ടുണ്ട്. മുഅല്ലഖകൾ ഒഴികെയുള്ള മറ്റ് കാവ്യങ്ങളൊക്കെ ഇസ്‌ലാമിക സൂഫി സൃഷ്ടികളാണ്. ഇവയിൽ പലതും മേൽ പരാമർശിച്ച മറ്റ്

> അറബി സാഹിത്യ കൃതികളുടെ നേരിട്ടുള്ള മലയാള വിവർത്തന ചരിത്രത്തിലെ ഒരു നാഴികക്കല്ലാണ് സിറിയയിലെ അറബി കവി അഡോണിസിന്റെ കവിതകളുടെ വിവർത്തനം ഡോ. മുഹമ്മദ് അലി അസ്കർ വിവർത്തനം നിർവ്വഹിച്ച ഈ പുസ്തകം അഡോണിസിന് കുമാരനാശാന്റെ പേരിലുള്ള അന്തർ ദേശീയ പുരസ്കാരം ലഭിച്ചതിന്റെ പശ്ചാത്തലത്തിലാണ് മാതൃഭൂമി ബുക്സ് 2016ൽ മലയാളത്തിലെത്തിച്ചത്. മികച്ച വിവർത്തന ഭാഷയും, മാർക്കറ്റിംഗ് രീതികളും ഈ പരിഭാഷയ്ക്ക് ധാരാളം വായനക്കാരെ നേടിക്കൊടുത്തു. മുഹമ്മദ് അലി അസ്കറിന്റെ മറ്റൊരു വിവർത്തനം ലെബനണിലെ മീഖാഈൽ നുഐമ രചിച്ച ഖലീൽ ജിബ്രാനിന്റെ ജീവചരിത്രമാണ്. ഖലീൽ ജിബ്രാൻ : ജീവിത കഥ എന്ന പേരിൽ 2012ൽ തൃശ്ശൂർ കറന്റ് ബുക്സ് ആണ് ഈ വിവർത്തനം പ്രസിദ്ധീകരിച്ചത്.

വിവർത്തകരും മലയാളീകരിച്ചിരുന്നു എന്നോർക്കണം.

ഏറ്റവും കൂടുതൽ അറബി ഗദ്യ സാഹിത്യ കൃതികൾ മലയാളത്തിലേക്ക് വിവർത്തനം ചെയ്തിട്ടുള്ളത് അഷ്റഫ് കീഴുപറമ്പായിരിക്കും. 2014ൽ പുറത്തിറങ്ങിയ ഫലസ്തീനിലെ ഗസ്സാൻ കൗഫാനിയുടെ രിജാൽ ഫീ അൽ ഷംസിന്റെ സൂര്യതാപത്തിൽ എന്ന വിവർത്തനമാണ് ഇക്കൂട്ടത്തിൽ ഏറ്റവും ശ്രദ്ധേയമായ രചന. കോഴിക്കോട് ഇസ്‌ലാമിക് പബ്ലിഷിംഗ് ഹൗസാണ് കീഴുപറമ്പിന്റെ മിക്ക രചനകളും പ്രസിദ്ധീകരിച്ചത്.

ഇക്കഴിഞ്ഞ ഒരു പതിറ്റാണ്ടിനിടയിലെ പ്രമുഖ മലയാള വിവർത്തകൻ പി.എ. കബീർ, അബ്ദു ശിവപുരം, ഡോ. അബ്ദുൽ റഹ്മാൻ ആദ്യശ്ശേരി, ഡോ. കെ. മുഹമ്മദ് അലി അസ്കർ എന്നിവരായിരിക്കും. 2010ൽ ഡി.സി. ബുക്സ് പുറത്തിറക്കിയ സമകാലിക ഒമാനി കവിതകൾ പോലെ പുസ്തകരൂപത്തിലുള്ള വി.എ. കബീറിന്റെ കൃതികൾ കുറവാണ്. എന്നാൽ ആനുകാലികങ്ങളിൽ ധാരാളം അറബികഥകൾ വിവർത്തനം ചെയ്ത് പ്രസിദ്ധീകരിച്ചതാണ് അദ്ദേഹത്തിന്റെ പ്രധാന സംഭാവന. ഷാർജ സുൽത്താൻ അൽ ഖാസിമി, യു.എ.ഇ.യിലെ മർയം അൽ ശനാസി, അസ്മാഅ് അൽ കത്ബ് തുടങ്ങിയവരുടെ കൃതികൾ വിവർത്തനം ചെയ്ത വിദേശമലയാളിയാണ് അബ്ദു ശിവപുരം. ഡി.സി. ബുക്സ്, കറന്റ് ബുക്സ് എന്നിവയാണ് ഈ കൃതികളൊക്കെ പ്രസിദ്ധീകരിച്ചത്.

ഷാർജ സുൽത്താൻ അൽ ഖാസിമിയുടെ അൽ ഹഖ്ദ് അൽ ദഫീൻ എന്ന ചരിത്രാഖ്യായികയുടെ മലയാള വിവർത്തനമാണ് അബ്ദുൽ റഹ്മാൻ ആദ്യശേരിയുടെ ശ്രദ്ധേയമായ സാഹിത്യ വിവർത്തനം. പകയുടെ രോഷാഗ്നി എന്ന ഈ കൃതി 2013ൽ പ്രസിദ്ധീകരിച്ചത് കോഴിക്കോട് അദർ ബുക്സ് ആണ്.

അറബി സാഹിത്യ കൃതികളുടെ നേരിട്ടുള്ള മലയാള വിവർത്തന ചരിത്രത്തിലെ ഒരു നാഴികക്കല്ലാണ് സിറിയയിലെ അറബി കവി അഡോണിസിന്റെ കവിതകളുടെ വിവർത്തനം. ഡോ. മുഹമ്മദ് അലി അസ്കർ വിവർത്തനം നിർവ്വഹിച്ച ഈ പുസ്തകം അഡോണിസിന് കുമാരനാശാന്റെ പേരിലുള്ള അന്തർദേശീയ പുരസ്കാരം ലഭിച്ചതിന്റെ പശ്ചാത്തലത്തിലാണ് മാതൃഭൂമി ബുക്സ് 2016ൽ മലയാളത്തിലെത്തിച്ചത്. മികച്ച വിവർത്തന ഭാഷയും, മാർക്കറ്റിംഗ് രീതികളും ഈ പരിഭാഷയ്ക്ക് ധാരാളം വായനക്കാരെ നേടിക്കൊടുത്തു. മുഹമ്മദ് അലി അസ്കറിന്റെ മറ്റൊരു വിവർത്തനം ലെബനാനിലെ മീഖാഈൽ നുഐമ രചിച്ച ഖലീൽ ജിബ്രാനിന്റെ ജീവചരിത്രമാണ്. ഖലീൽ ജിബ്രാൻ : ജീവിത കഥ എന്ന പേരിൽ 2012ൽ തൃശ്ശൂർ കറന്റ് ബുക്സ് ആണ് ഈ വിവർത്തനം പ്രസിദ്ധീകരിച്ചത്.

അറബിയിൽ നിന്നും നേരിട്ടുള്ള മലയാള വിവർത്തന മേഖലയിൽ പുറത്തിറങ്ങിയ അവസാന രണ്ട് പുസ്തകങ്ങൾ ജോർദാനിലെ ഫലസ്തീൻ നോവലിസ്റ്റ് ജമാൽ നാജിയുടെ ഇൻദമാ തശീഖു









അൽ ദിആബ് (ചെന്നായ്ക്കൾക്ക് വയസാകുമ്പോൾ, ഡി.സി. ബുക്സ്, 2017), ഇറാഖിലെ സിനാൻ അൻതൂണിന്റെ വഹ്ദഹാ ശജറ അൽ റുമ്മാൻ (വെള്ള പുതപ്പിക്കുന്നവർ, ഗ്രീൻ ബുക്സ്, 2017) എന്നിവയാണ്. ഈ ലേഖകനാണ് രണ്ട് വിവർത്തനങ്ങളും നിർവ്വഹിച്ചത്.

4. അറബി സാഹിത്യ കൃതികളുടെ ഇംഗ്ലീഷിൽ നിന്നുള്ള മലയാള വിവർത്തനം

അറബി, മലയാള വിവർത്തന മേഖലയിൽ ഏറ്റവും കൂടുതൽ വായനക്കാരെയും, സാഹിത്യശ്രദ്ധയെയും ആകർഷിച്ചതാരെന്ന് ചോദിച്ചാൽ ഇംഗ്ലീഷിൽ നിന്നും അറബി കൃതികൾ മലയാളത്തിലേക്ക് മൊഴിമാറ്റം നടത്തിയവരാണെന്നായിരിക്കും ഉത്തരം. അതിന് പല കാരണങ്ങളും നിരത്താനാകും. ഒന്നാമതായി മലയാളത്തിലെ പ്രമുഖ പ്രസാധകരായിരിക്കും ഈ വിവർത്തനങ്ങളിലധികവും പ്രസിദ്ധീകരിച്ചിട്ടുണ്ടാകുക. പേരുകേട്ട എഴുത്തുകാരും, സാഹിത്യകാരുമായതിനാൽ മികച്ച ഭാഷയും, ശൈലിയും സ്വന്തമായുള്ളവരായിരിക്കും ഈ വിവർത്തകരെന്നത് മറ്റൊരു കാര്യം.

ഈ മേഖലയിലെ ശ്രദ്ധേയമായ നാമം എസ്.എ. ഖുദ്സിയുടേതാകും. അറബി, മലയാള സാഹിത്യ വിവർത്തനത്തിൽ ഖുദ്സിയേക്കാളും സംഭാവനയർപ്പിച്ച മറ്റൊരു വ്യക്തിയെ കണ്ടെത്താനാകില്ല. അറബ് എഴുത്തുകാരുമായുള്ള നേരിട്ടുള്ള ബന്ധമാണ് അദ്ദേഹത്തിന്റെ ശക്തി. 2014ലെ കേരള സാഹിത്യ അക്കാദമിയുടെ കാർമ്മികത്വത്തിൽ നടന്ന മലയാളം, അറബി സാഹിത്യ സമ്മേളനത്തിന്റെ പ്രധാന സംഘാടകനായിരുന്നു ഖുദ്സി. ഈജിപ്തിലെ ഫെമിനിസ്റ്റ് എഴുത്തുകാരി നവാൽ അൽ സഅദാവിയുടെ ഇംറഅ ഇൻദ നുഖ്ത അൽ സിഫ്ർ എന്ന വിഖ്യാത അറബി നോവൽ 2011ൽ ഗതിമുട്ടിയ സ്ത്രീ (ഡി.സി. ബുക്സ്) എന്ന പേരിലും, മൗത് അൽ റജുൽ അൽ വഹീദ് അലാ അൽ അർദ് എന്ന നോവൽ 2012ൽ ദൈവം നൈൽ നദിക്കരയിൽ മരിക്കുന്നു (ചിന്ത പബ്ലിഷേഴ്സ്) എന്ന പേരിലും ഖുദ്സി വിവർത്തനം ചെയ്തു. എന്നാൽ ഖുദ്സിയുടെ ഏറ്റ



വും പ്രധാന മേഖല കഥാ വിവർത്തനമാണ്. എണ്ണമറ്റ കഥകളാണ് ഇദ്ദേഹത്തിന്റെ പേരിൽ വിവിധ ആനുകാലി കങ്ങളിൽ വിവർത്തനങ്ങളായി ഇപ്പോഴും പ്രസിദ്ധീകരിച്ചു കൊണ്ടിരിക്കുന്നത്. കുറേ കഥകൾ പുസ്തകരൂപത്തിൽ പ്രത്യക്ഷപ്പെട്ടിട്ടുമുണ്ട്.

പ്രമുഖ മലയാള സാഹിത്യ കാരി ബി.എം. സുഹ്‌റയാണ് അറബി മലയാള സാഹിത്യ വിവർത്തനത്തിൽ തന്റേതായ കൈയ്യൊപ്പ് പതിപ്പിച്ച മറ്റൊരു വ്യക്തിത്വം. ഈജിപ്ത്യൻ നോവലിസ്റ്റും, നോബൽ ജേതാവുമായ നജീബ് മഹ്ഫൂസിന്റെ കൈറോ നോവൽ ത്രയത്തിലെ ബൈന അൽ ഖസ്റൈൻ കൊട്ടാരത്തെരുവ് എന്ന പേരിൽ 2009ൽ ഡി.സി. ബുക്സ് പ്രസിദ്ധീകരിച്ചു. 2015ൽ ഇതിന്റെ രണ്ടാം പതിപ്പുമിറങ്ങി. 2010ൽ സുഡാൻ എഴുത്തുകാരൻ അൽ തയ്യിബ് സ്വാലിഹിന്റെ ഉർസ് അൽ സൈൻ എന്ന നോവൽ സൈനിന്റെ കല്യാണം എന്ന തലക്കെട്ടിൽ ചിന്ത പബ്ലിഷേഴ്സ് പ്രസിദ്ധീകരിച്ചു. ബി.എം. സുഹ്‌റയുടെ ഭർത്താവും, പ്രമുഖ എഴുത്തുകാരനുമായ ഡോ. എം.എം. ബഷീർ ധാരാളം കൃതികൾ മലയാളീകരിച്ചിട്ടുണ്ട്. ഈജിപ്തിലെ നാടകകൃത്ത് തൗഫീഖ് അൽ ഹകീമിന്റെ യാ താലിഅ് അല അൽ ശജറ, സൂഖ് അൽ ഹിമാർ തുടങ്ങിയ ധാരാളം കൃതികൾ ഇദ്ദേഹം വിവർത്തനം ചെയ്തിട്ടുണ്ട്.

ഇംഗ്ലീഷിൽ നിന്നുള്ള അറബി കൃതികളുടെ വിവർത്തനത്തെക്കുറിച്ച് പറയുമ്പോൾ ഒരു സുപ്രധാന ഭാഗമാകുന്നത് വിഖ്യാത ലെബനീസ് അമേരിക്കൻ എഴുത്തുകാരൻ ഖലീൽ ജിബ്രാന്റെ കൃതികളുടെ വിവർത്തനം ചെയ്തിട്ടുണ്ട് എന്നതിനെക്കുറിച്ച് വ്യക്തമായ വിവരങ്ങളുണ്ടോ എന്ന പോലും സംശയമായിരിക്കും. പ്രൊഫ. കെ.വി. തമ്പി, നിത്യ ചൈതന്യയതി, കെ.പി. സുധീര, എം.എം. ബഷീർ, കെ. ജയകുമാർ ഐ.എ.എസ്, ഉമർ തറമ്മേൽ, കെ.എസ്. റിച്ചാർഡ്, ആർ. രാമചന്ദ്രൻ നായർ, അബ്രഹാം, അബ്ദുല്ല പേരാമ്പ്ര, വർഗീസ്, പി.കെ. ശിവദാസ്, ഹാറൂൺ റഷീദ്... ഈ പട്ടിക വളരെ നീളുമെന്ന കാര്യം ഉറപ്പാണ്. ഒരേ കൃതികൾ പലരും വിവർത്തനം ചെയ്തിട്ടുണ്ടാകുമെന്നതാണ് ശ്രദ്ധേയമായ മറ്റൊരു കാര്യം.

> **കവിതാ വിവർത്തനങ്ങളായിരിക്കും അറബി മലയാള വിവർത്തന സാഹിത്യത്തിൽ ഏറ്റവും കൂടുതൽ വായനക്കാരെ ആകർഷിച്ചിട്ടുണ്ടാകുക എന്ന് തോന്നുന്നു. 1990ൽ എൻ.ബി.എസ് പ്രസിദ്ധീകരിച്ച മുറിവേറ്റ വാക്കുകൾ എന്ന കാവ്യസമാഹാരം മഹ്മൂദ് ദർവേശ്, നിസാർ ഖബ്ബാനി, അൽ ബയ്യാത്തി, അൽ സയ്യാബ് തുടങ്ങിയവരുടെയൊക്കെ കവിതകളുടെ വിവർത്തനങ്ങളടങ്ങിയ കൃതിയാണ്. പ്രമുഖ സാഹിത്യകാരൻ പി.കെ. പാറക്കടവായിരുന്നു വിവർത്തകൻ. 2006ൽ കറന്റ് ബുക്സ് ഷിഹാബ് ഗാനിമിന്റെ കവിതകൾ ആയിരം വാതിലുകൾക്കപ്പുറം എന്ന പേരിൽ വിവർത്തനം ചെയ്ത് പ്രസിദ്ധീകരിച്ചു. സച്ചിദാനന്ദനായിരുന്നു ഇതിന്റെ എഡിറ്റർ.**

നോവൽ ശാഖയിൽ അവസാനമായി പുറത്തിറങ്ങിയ രണ്ട് വിവർത്തനങ്ങൾ ഷാർജ സുൽത്താൻ അൽ ഖാസിമിയുടെ അൽ ശൈഖ് അൽ അബ്‌യദിന്റെ വിവർത്തനമായ വെള്ളക്കാരൻ ശൈഖും (ഒ.വി. ഉഷ, അൽ ഖാസിമി പബ്ലിക്കേഷൻസ്, 2013), ലെബനാനിലെ ഹുദ ബറകാത്തിന്റെ ഹജർ അൽ ദഹകാത്തിന്റെ മലയാള രൂപമായ ശിലാ ഹൃദയരുടെ ചിരി മുഴക്കവുമാണ് (അശോക് ഡിക്രൂസ്, ഗ്രീൻ ബുക്സ്, 2016).

കവിതാ വിവർത്തനങ്ങളായിരിക്കും അറബി മലയാള വിവർത്തന സാഹിത്യത്തിൽ ഏറ്റവും കൂടുതൽ വായനക്കാരെ ആകർഷിച്ചിട്ടുണ്ടാകുക എന്ന് തോന്നുന്നു. 1990ൽ എൻ.ബി.എസ് പ്രസിദ്ധീകരിച്ച മുറിവേറ്റ വാക്കുകൾ എന്ന കാവ്യസമാഹാരം മഹ്മൂദ് ദർവേശ്, നിസാർ ഖബ്ബാനി, അൽ ബയ്യാത്തി, അൽ സയ്യാബ് തുടങ്ങിയവരുടെയൊക്കെ കവിതകളുടെ വിവർത്തനങ്ങളടങ്ങിയ കൃതിയാണ്. പ്രമുഖ സാഹിത്യകാരൻ പി.കെ. പാറക്കടവായിരുന്നു വിവർത്തകൻ. 2006ൽ കറന്റ് ബുക്സ് ഷിഹാബ് ഗാനിമിന്റെ കവിതകൾ ആയിരം

വാതിലുകൾക്കപ്പുറം എന്ന പേരിൽ വിവർത്തനം ചെയ്ത് പ്രസിദ്ധീകരിച്ചു. സച്ചിദാനന്ദനായിരുന്നു ഇതിന്റെ എഡിറ്റർ. 2015ൽ ഗാനിമിന്റെ അംവാജ് വ ഖസാഇദ് ഉഖ്റാ എന്ന സമാഹാരം തിരമാലകൾ എന്ന പേരിൽ കൈരളി ബുക്സ് പ്രസിദ്ധീകരിച്ചു. ഒ.വി. ഉഷയും ആനന്ദി രാമചന്ദ്രനുമായിരുന്നു എഡിറ്റർമാർ. 2007ൽ ചിന്ത പബ്ലിഷേഴ്സ് പുറത്തിറക്കിയ മഹ്മൂദ് ദർവീശിന്റെ കവിതകൾ വിവർത്തനം ചെയ്തത് അജീർ കുട്ടിയാണ്. 2010ൽ മാതൃഭൂമി ബുക്സ് പ്രസിദ്ധീകരിച്ച സർജു വിവർത്തനം ചെയ്ത 100 അറബ് കവികൾ വളരെയേറെ വായിക്കപ്പെട്ട കൃതിയാണ്. പരാമർശമർഹിക്കുന്ന ശ്രദ്ധേയമായ മറ്റൊരു കൃതി ദേശമംഗലം രാമകൃഷ്ണന്റെ അഡോണിസിന്റെ പ്രണയ കവിതകൾ ആണ്. 2016ൽ ഇത് പുറത്തിറക്കിയത് ഗ്രീൻ ബുക്സായിരുന്നു.

5. അനുബന്ധം

മലയാള അറബി സാഹിത്യ വിവർത്തന മേഖല അത്ര ശോഭനമാണോ എന്ന് ചോദിച്ചാൽ ഉത്തരം പറയുക വളരെ ബുദ്ധിമുട്ടായിരിക്കും. വളരെയേറെ വെല്ലുവിളികൾ ഈ രംഗത്തെ വിവർത്തകർ നേരിടുന്നുണ്ട്. ഒന്നാമതായി അറബിയിലെ പേരു കേട്ട എഴുത്തുകാരുടെ കൃതികളുടെയൊക്കെ വിവർത്തനാവകാശത്തിന് വർതുകയാണ് അറബ് പ്രസാധകരും, അവരുടെ ഏജന്റുമാരുമൊക്കെ ആവശ്യപ്പെടുന്നത്. ഇത്രയും തുക നൽകാൻ മലയാളത്തിലെ പ്രസാധകർക്ക് കഴിയില്ല. നേരേ മറിച്ച് റൈറ്റ് ആവശ്യപ്പെടാത്ത പ്രശസ്തരല്ലാത്ത എഴുത്തുകാരുടെ കൃതികൾ വിവർത്തനം ചെയ്ത് പ്രസിദ്ധീകരിക്കാൻ ഇവിടത്തെ പ്രസാധകർക്ക് താൽപര്യവുമുണ്ടാകില്ല. മൂന്നാമതായി മേൽ പരാമർശിക്കപ്പെട്ടതിൽ എത്ര വിവർത്തക കൃതികൾ അറബി അറിയാവുന്ന ഈ മേഖലയിലുള്ളവർ വായിച്ചിട്ടുണ്ട് എന്ന ചോദ്യമാണ്. മലയാള കൃതികളുടെ അറബി വിവർത്തനത്തിന് അറബ് ലോകത്തെ പ്രസാധകരെ കണ്ടെത്തുന്നതും ദുഷ്കരമായ കാര്യമായി തുടരുന്നു.

> **ഇംഗ്ലീഷിൽ നിന്നുള്ള അറബി കൃതികളുടെ വിവർത്തനത്തെക്കുറിച്ച് പറയുമ്പോൾ ഒരു സുപ്രധാന ഭാഗമാകുന്നത് വിഖ്യാത ലെബനീസ് അമേരിക്കൻ എഴുത്തുകാരൻ ഖലീൽ ജിബ്രാന്റെ കൃതികളുടെ വിവർത്തനം ചെയ്തിട്ടുണ്ട് എന്നതിനെക്കുറിച്ച് വ്യക്തമായ വിവരങ്ങളുണ്ടോ എന്ന പോലും സംശയമായിരിക്കും. പ്രൊഫ. കെ.വി. തമ്പി, നിത്യ ചൈതന്യയതി, കെ.പി. സുധീര, എം.എം. ബഷീർ, കെ. ജയകുമാർ ഐ.എ.എസ്, ഉമർ തറമേൽ, കെ.എസ്. റിച്ചാർഡ്, ആർ. രാമചന്ദ്രൻ നായർ, അബ്രഹാം, അബ്ദുല്ല പേരാമ്പ്ര, വർഗീസ്, പി.കെ. ശിവദാസ്, ഹാറൂൺ റഷീദ്... ഈ പട്ടിക വളരെ നീളുമെന്ന കാര്യം ഉറപ്പാണ്. ഒരേ കൃതികൾ പലരും വിവർത്തനം ചെയ്തിട്ടുണ്ടാകുമെന്നതാണ് ശ്രദ്ധേയമായ മറ്റൊരു കാര്യം**

6. അവലംബങ്ങൾ

1. അറബി ഭാഷ കേരളത്തിൽ, എ.ആർ. കൊടിയത്തൂർ, 2017, വചനം ബുക്സ്, കോഴിക്കോട്.

2. അറബിയുടെ വർത്തമാനം, എഡി. ഡോ. സ്വലാഹുദ്ദീൻ വാഫി, 2017, ദാറുൽ ഉലൂം വാഫി കാമ്പസ്, പാറൽ-തൂത, മലപ്പുറം.

3. വിവർത്തകരിൽ നിന്നും നേരിട്ട് ശേഖരിച്ച വിവരങ്ങളാണ് ഈ ലേഖനം തയ്യാറാക്കാൻ പ്രധാനമായും ആശ്രയിച്ചത്. ഒപ്പം അബ്ദുറഹിമാൻ മങ്ങാടിനെപ്പോലുള്ള വിവരശേഖകരോടുള്ള കടപ്പാടും രേഖപ്പെടുത്തുന്നു. ഇവയിൽ ഏതെങ്കിലും വിവരങ്ങൾ തെറ്റാണെങ്കിലോ, വിട്ടു പോയിട്ടുണ്ടെങ്കിലോ ലേഖകനെ അറിയിക്കണെന്ന് താൽപര്യപ്പെടുന്നു.

**ഡോ. എൻ ഷംനാദ്**
അറബി വിഭാഗം മേധാവി
യൂണിവേഴ്സിറ്റി കോളേജ്,
തിരുവനന്തപുരം
Mob. 9744209475

വിദ്യാഭ്യാസ നവോത്ഥാനത്തിന്റെ 75 വർഷങ്ങൾ



## റൗസത്തുൽ ഉലൂം അസോസിയേഷൻ & അറബിക്കോളേജ്

# പ്ലാറ്റിനം ജൂബിലി സുവനീർ 2017